പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പംതന്നെ സംസ്ഥാനത്തെ ഐ.ടി. വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി നഗര/നഗര പ്രാന്ത പ്രദേശങ്ങളിൽ സ്വകാര്യ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ സംസ്ഥാനത്തെ ഐ.ടി. വികസനം നഗരങ്ങളിലും പ്രാന്തപ്രദേശങ്ങളിലും എത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി&ഡി) വിവര സാങ്കേതിക രംഗത്തെ വളർച്ചയ്ക്കായി ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിനും അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾക്കൊപ്പം ഐ.ടി. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി സംസ്ഥാന സർക്കാർ സ്ഥാപിച്ച കമ്പനിയാണ് കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്. സ്വകാര്യ മേഖലയിലെ ഐ.ടി. വികസനം ലക്ഷ്യമാക്കി വിഭാവനം ചെയ്തിരിക്കുന്ന സ്വകാര്യ ഐ.ടി./ഹൈടെക് പാർക്കുകൾ സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു അംഗീകൃത മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ഇവയുടെ അംഗീകാരം ഏകജാലക സംവിധാനം മുഖേനയായിട്ടുണ്ട്. മികച്ച നിലവാരമുള്ള മാനവ വിഭവശേഷി, ഐ.ടി. വ്യവസായത്തിന് അത്യന്താപേക്ഷിതമായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇവയെല്ലാം ലഭ്യമാക്കിക്കൊണ്ട് ഐ.ടി. മേഖലയിലെ വികസനത്തിനായി സർക്കാർ ഒരു ഐ.ടി. നയം രൂപീകരിച്ചിട്ടുണ്ട്.

വെബ്സൈറ്റ് സംയോജനം

181(2170) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്ന നിലവിലുള്ള വിവിധ വെബ്സൈറ്റുകളെ സംയോജിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി ആരുടെ സഹായത്തോടുകൂടിയാണ് പ്രാവർത്തികമാക്കുന്നത് ; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്കായി ഐ.ടി. വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 2-2-2015-ലെ G.O(Ms)03/2015/ITD ഉത്തരവ് പ്രകാരം ഐ.&പി.ആർ.ഡി.-യുടെ ഉടമസ്ഥതയിലുള്ള www.kerala.gov.in എന്ന വെബ്സൈറ്റിനെയും, കേരള സ്റ്റേറ്റ് ഐ.റ്റി. മിഷന്റെ ഉടമസ്ഥതയിലുള്ള www.eservices.kerala.gov.in നെയും സംയോജിപ്പിച്ച് www.kerala.gov.in എന്ന വിലാസത്തിൽ ഒരു ഏകീകൃത വെബ്സൈറ്റ് ആക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് ഒന്നിലധികം വെബ്സൈറ്റുകൾ സന്ദർശിക്കുകവഴി പൊതുജനത്തിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുവാനും കേരള സർക്കാർ നൽകുന്ന എല്ലാ ഇ-സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ആശയവും മുൻനിർത്തിയാണ് ഇത്തരത്തിൽ വെബ്സൈറ്റുകൾ സംയോജിപ്പിക്കുവാൻ തീരുമാനിച്ചത്.

(ബി) ഐ&പി.ആർ.ഡി., എൻ.ഐ.സി., സി-ഡിറ്റ്, എസ്.റ്റി.കെ.സി. എന്നീ ഏജൻസികളുടെ സഹകരണത്തോടെ കേരള സ്റ്റേറ്റ് ഐ.ടി. മിഷനാണ് ഈ പ്രോജക്ട് നടപ്പിലാക്കുന്നത്.

(സി) 2-2-2015-ലെ G.O(Ms) No.03/2015/ITD ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾ, യൂണിവേഴ്സിറ്റികൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഇ-സേവനങ്ങളും വിവരങ്ങളും ഈ പോർട്ടലുമായി ബന്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ലേൺ ടു കോർഡ് പദ്ധതി

182(2171) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. വർക്കല കഹാർ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലേൺ ടു കോർഡ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) പുതുതലമുറയ്ക്ക് ഐ.റ്റി. വിദ്യാഭ്യാസം സുഗമമായും ചെലവ് കുറഞ്ഞ വിധത്തിലും നേടുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്;